കേരള സർക്കാർ

നം.10961/എസി1/13/തസ്വഭവ

തദ്ദേശ സ്വയംഭരണ (എസി) വകുപ്പ്,

തിരുവനന്തപുരം.

തീയതി: 09/01/2015

## സർക്കുലർ

വിഷയം :- തസ്വഭവ- ഓഡിറ്റ് റിപ്പോർട്ടുകൾക്ക് മറുപടി സമർപ്പിക്കുന്നത് സംബന്ധിച്ച്- നിർദ്ദേശം പുറപ്പെടുവിക്കുന്നത്- സംബന്ധിച്ച്.

സൂചന :- 01.03.2014 ലെ 13984/എസി1/14/തസ്വഭവ. നമ്പർ സർക്കാർ സർക്കുലർ

കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ വാർഷിക ഓഡിറ്റ് റിപ്പോർട്ടുകൾ, ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകൾ എന്നിവയിലെ ഓഡിറ്റ് പരാമർശങ്ങൾക്ക് സംസ്ഥാനത്തെ വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മറുപടി നേരിട്ട് സർക്കാരിലേയ്ക്ക് സമർപ്പിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അതാത് ഡയറക്ടറേറ്റ്/ കമ്മീഷണറേറ്റിൽ സമർപ്പിക്കുന്ന നടപടി വിശദീകരണ പത്രികകൾ സൂക്ഷ്മപരിശോധന നടത്താതെയും ക്രോഡീകരിക്കാതെയും, ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയ്ക്ക് സമർപ്പിക്കുവാൻ പര്യാപ്തമല്ലാത്തവിധത്തിൽ സർക്കാരിലേയ്ക്ക് അതേപടി ലഭ്യമാക്കുന്ന പ്രവണതയും കൂടിവരുന്നുണ്ട്. തുടർച്ചയായി പര്യാപ്തമല്ലാത്ത മറുപടിതന്നെ ആവർത്തിച്ച് ലഭ്യമാക്കുന്ന സ്ഥിതിയും ഉണ്ട്. സർക്കാരിൽ ലഭ്യമാക്കുന്ന മറുപടികൾ വസ്തുനിഷ്ഠവും അന്തിമവും ആകണമെന്ന് പലതവണ നിർദ്ദേശം നൽകിയിട്ടും ഇക്കാര്യങ്ങൾ പാലിക്കുന്നതിൽ വരുത്തുന്ന അലംഭാവം ഗുരുതരമായ വീഴ്ചയാണ്. ഇതുമൂലം ഓഡിറ്റ് പരാമർശത്തിനുള്ള പര്യാപ്തമായ മറുപടി നിശ്ചിത സമയത്ത് ബഹു:നിയമസഭാ സമിതിയ്ക്ക് നൽകാൻ കഴിയാതെ വരുന്നുണ്ട്. ഇത് വളരെ ഗൗരവത്തോടെ സർക്കാർ കാണുന്നു.

ഈ സാഹചര്യത്തിൽ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. വിവിധ ഓഡിറ്റ് റിപ്പോർട്ടുകളിലെ ഖണ്ഡികകളിൽ പരാമർശിക്കപ്പെടുന്ന മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും നടപടി വിശദീകരണ പത്രിക/മറുപടി നിശ്ചിത പ്രൊഫോർമയിൽ നിശ്ചിത സമയപരിധിയ്ക്കുള്ളിൽ അതാത് ഡയറക്ടറേറ്റിൽ/ കമ്മീഷണറേറ്റിൽ ലഭ്യമാക്കേണ്ടതാണ്.
2. ഡയറക്ടർ/കമ്മീഷണർ അവരവരുടെ അധികാര പരിധിയിൽ വരുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും നടപടി വിശദീകരണ പത്രിക/മറുപടി ലഭ്യമാക്കി, സൂക്ഷ്മപരിശോധന നടത്തി, ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയ്ക്ക് ലഭ്യമാക്കുവാൻ പര്യാപ്തമായ അന്തിമ മറുപടിയാക്കി (ഓരോ വർഷത്തെയും ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡികകൾ തിരിച്ചുള്ള ക്രോഡീകരിച്ച മറുപടി) നിശ്ചിത പ്രൊഫോർമയിൽ നിശ്ചിത സമയപരിധിയ്ക്കുള്ളിൽ, സാക്ഷ്യപ്പെടുത്തി സർക്കാരിൽ ലഭ്യമാക്കേണ്ടതാണ്.

(മറുപുറം)

3. സമിതി ആവശ്യപ്പെടുന്ന അധിക വിവരം, ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി റിപ്പോർട്ട് എന്നിവയ്ക്കുള്ള മറുപടിയും ഇതേ പ്രകാരം ലഭ്യമാക്കേണ്ടതാണ്.
4. സാധൂകരണം സംബന്ധിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അപേക്ഷകൾ മതിയായ രേഖകൾ സഹിതം ഡയറക്ടർ/കമ്മീഷണറുടെ വ്യക്തമായ ശുപാർശയോടുകൂടി മാത്രം സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

(സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളുടെ മറുപടി പഞ്ചായത്ത് ഡയറക്ടറും, ബ്ലോക്ക് പഞ്ചായത്തുകളുടെ മറുപടി ഗ്രാമവികസന കമ്മീഷണറും, മുനിസിപ്പൽ കോർപ്പറേഷൻ/ മുനിസിപ്പാലിറ്റികളുടെ മറുപടി നഗരകാര്യ ഡയറക്ടറുമാണ് സൂക്ഷ്മ പരിശോധന നടത്തി ക്രോഡീകരിച്ച് സാക്ഷ്യപ്പെടുത്തി സർക്കാരിന് സമർപ്പിക്കേണ്ടത്. ജില്ലാ പഞ്ചായത്തുകളുടെ മറുപടി അതാത് ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർ നേരിട്ട് സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.)

ഓഡിറ്റ് റിപ്പോർട്ടുകളിൻമേൽ പര്യാപ്തമായ മറുപടി നിശ്ചിത സമയത്ത് ലഭ്യമാക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ച് വിവരം യഥാസമയം സർക്കാരിൽ റിപ്പോർട്ട് ചെയ്യുവാനും, മേൽ നിർദ്ദേശങ്ങൾ കർശനമായും കൃത്യമായും പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാനും വകുപ്പ് അദ്ധ്യക്ഷൻമാർ ശ്രദ്ധിക്കേണ്ടതാണ്.

സാലമ്മ എബ്രഹാം
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും
എല്ലാ നഗരകാര്യ റീജിയണൽ ജോയിന്റ് ഡയറക്ടർമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ/അസിസ്റ്റന്റ് ഡയറക്ടർമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)
എല്ലാ മുനിസിപ്പൽ കോർപ്പറേഷൻ/ മുനിസിപ്പാലിറ്റി സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)
എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഐ.കെ.എം., പ്രതീക്ഷ, പാങ്ങപ്പാറ, തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ.സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.